# N.S.S. H.S. MANNOOR

# സ്വപ്നച്ചിറകുകൾ

## വിഷൻ – 100

## അക്കാദമിക് മാസ്റ്റർ പ്ലാൻ



# അദ്ധ്യായം - I

എൻ.എസ്സ്.എസ്സ്.എച്ച്.എസ്സ് മണ്ണൂർ എൻ.എസ്സ്.എസ്സ് കോർപ്പറേഷൻ മാനേജ്മെൻറിന്റെ കീഴിലുള്ള ഒരു വിദ്യാലയമാണ്. ഭാരത കേസരി ശ്രീ. മന്നത്തു പത്മനാഭൻ സാർവ്വത്രിക വിദ്യാഭ്യാസം എന്ന ലക്ഷ്യത്തിനു വേണ്ടി സ്ഥാപിച്ച വിദ്യാലയങ്ങളിൽ ഉൾപ്പെട്ട ഒരു വിദ്യാലയമാണ് ഇത്. 1939-ൽ ഇത് യു.പി.സ്കൂളായി ആരംഭിച്ചു. 1984-ൽ ഹൈസ്കൂളായി മാറി. തൃക്കളത്തൂർ എന്ന ഗ്രാമത്തിൽ അറിവിന്റെ വെളിച്ചം തലമുറകൾക്ക് പകർന്നു കൊടുത്തിരുന്ന ഒരു സ്ഥാപനമാണ് ഇത്. അനേകം പ്രശസ്ത വ്യക്തികളും കലാകാരന്മാരും ഈ വിദ്യാലയത്തിൽ പഠിച്ചിട്ടുണ്ട്. മൂവാറ്റുപുഴ എം.എൽ.എ. ശ്രീ. എൽദോ എബ്രഹം ജില്ലാപഞ്ചായത്ത് മെമ്പർ ശ്രീ. എൻ. അരുൺ, ഓങ്കോളജിയിൽ ഇന്ത്യയിലെ മികച്ച ഡോക്ടർമാരിൽ ഒരാളായ ശ്രീ. നിസാമുദീൻ മുതലായവരെല്ലാം ഇവിടത്തെ പൂർവ്വ വിദ്യാർത്ഥികളാണെന്ന് അഭിമാനപൂർവ്വം സ്മരിയ്ക്കുന്നു. തുടർച്ചയായി നൂറ് ശതമാനം വിജയം കൈവരിയ്ക്കുന്ന സ്കൂളുകളിൽ ഒന്നാണ് ഈ സ്കൂൾ. ഇവിടെ ഇപ്പോൾ 5 മുതൽ 10 വരെ 38 കുട്ടികളും, പ്രധാന അധ്യാപികയും ഒരു പ്രൊട്ടക്ട് അധ്യാപികയും ഉൾപ്പെടെ 9 അദ്ധ്യാപകരും, ഒരു, ഒരു ഓഫീസ് അസിസ്റ്റന്റും ആണ് ഉള്ളത്.

പഠന നിലവാരത്തോടൊപ്പം കലാരംഗത്തും നമ്മുടെ വിദ്യാലയം മികച്ച് നിൽക്കുന്നു. മലപ്പുറം താനൂരിൽ നടന്ന സംസ്ഥാനതല തായ്ക്കോണ്ട ജൂനിയർ വിഭാഗം മത്സരത്തിൽ പത്താം ക്ലാസ് വിദ്യാർത്ഥിയായ അഭിനവ് വി. അനിൽ രണ്ടാം സ്ഥാനം നേടി.

എന്നാൽ വിദ്യാർത്ഥികളുടെ കുറവ് സ്കൂൾ അഭിമുഖീകരിയ്ക്കുന്ന പ്രധാന പ്രശ്നങ്ങളിൽ ഒന്നാണ്. ഭൗതിക സാഹചര്യങ്ങളുടെ അപര്യാപ്തത മറ്റൊരു പ്രശ്നമാണ്. മറ്റ് വിദ്യാലയങ്ങളിലേക്ക് കുട്ടികളെ വൻ ഓഫറുകൾ

കൊടുത്ത് കുട്ടികളെ കൊണ്ടു പോകുന്നു. സ്കൂൾ കാച്ച്മെൻറ് ഏരിയയിലുള്ള കുട്ടികളെപ്പോലും ആകർഷിയ്ക്കുവാൻ സാധിയ്ക്കുന്നില്ല. ഡിവിഷൻ കുറഞ്ഞതു മൂലം അധ്യാപക തസ്തികകൾ കുറഞ്ഞു. അതിനാൽ അദ്ധ്യാപകർക്ക് മുൻപത്തെപ്പോലെ കാര്യക്ഷമമായി ജോലി ചെയ്യുവാൻ സാധിയ്ക്കുന്നില്ല. അൺ എക്കണോമിക് സ്കൂൾ ആയതിനാൽ ക്ലാർക്കിന്റെയും മീനിയലിന്റെയും ഒഴിവുകൾ നികത്തിയിട്ടില്ല. ഇത് പ്രവർത്തനങ്ങൾക്ക് തടസ്സം ഉണ്ടാക്കുന്നു. 2024-25 അധ്യയന വർഷത്തിൽ കായിക അധ്യാപികയായ ശ്രീമതി. സ്മിത ടീച്ചറുടെ സേവനം എല്ലാ വെള്ളിയാഴ്ചകളിലും സ്കൂളിൽ നൽകി വരുന്നു. ടീച്ചറുടെ നേതൃത്വത്തിൽ കുട്ടികൾക്ക് വേണ്ട പരിശീലനങ്ങൾ നൽകി വരുന്നു.

# അദ്ധ്യായം – II

## പൊതുലക്ഷ്യങ്ങൾ

- സ്കൂളിൽ എത്തിച്ചേരുന്ന കുട്ടികൾക്ക് ഓരോ ഘട്ടത്തിലും വേണ്ട പഠന-നേട്ടങ്ങൾ കൈവരിച്ചു എന്ന് ഉറപ്പു വരുത്തും.
- കുട്ടികളുടെ പഠനനേട്ടങ്ങൾ രക്ഷിതാക്കൾക്ക് നേരിട്ട് കണ്ട് മനസ്സിലാക്കാൻ അവസരമൊരുക്കും.
- ഓരോ കുട്ടിയ്ക്കും കഴിവിനനുസരിച്ച് വളരാനും വികസിക്കാനും അനുയോജ്യമായ പ്രവർത്തനങ്ങൾ ഉൾപ്പെടുത്തും. ഭിന്നശേഷിക്കാരായ കുട്ടികളുടെ കഴിവുകൾ കണ്ടെത്തി അവരെ മുഖ്യധാരയിലേക്ക് കൊണ്ടു വരും.
- അനുദിനം വികസിച്ചു കൊണ്ടിരിയ്ക്കുന്ന അറിവിൻറെ ലോകം അവർക്ക് കയ്യെത്തിപ്പിടിയ്ക്കാൻ സഹായകമായ പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യും.
- പഠനനിലവാരത്തോടൊപ്പം സാംസ്കാരികവും മാനസികവുമായ നിലവാരം ഉയർത്തുന്നതിനുള്ള പ്രവർത്തനങ്ങൾ.
- എല്ലാ കുട്ടികൾക്കും മലയാളം, ഇംഗ്ലീഷ്, ഹിന്ദി എന്നീ ഭാഷകൾ വായിക്കുന്നതിനും എഴുതുന്നതിനും സംസാരിക്കുന്നതിനുമുള്ള പ്രാപ്തി നേടിക്കൊടുക്കും
- ജീവിതത്തിലെ പ്രതിസന്ധികളെ നേരിടുന്നതിനുള്ള ജീവിതനൈപുണ്യ വിദ്യാഭ്യാസം നൽകും.
- പ്രകൃതിയോട് ഇണങ്ങി ജീവിയ്ക്കുന്നതിനും പഴമയെക്കുറിച്ചും സംസ്കൃതിയെ കുറിച്ചും മനസ്സിലാക്കുന്നതിനുമുള്ള അനുഭവങ്ങൾ നൽകും.
- ആരോഗ്യകരമായ സൗഹൃദങ്ങൾ നിലനിറുത്തുന്നതിനും ലിംഗ സമത്വത്തെ കുറിച്ചുള്ള കാഴ്ച്ചപ്പാട് രൂപീകരിയ്ക്കുന്നതിനും വേണ്ടി പ്രവർത്തനങ്ങൾ രൂപപ്പെടുത്തും.
- ഈ ലോകം നമുക്കെല്ലാവർക്കും സന്തോഷത്തോടെ ജീവിക്കാൻ സാധിക്കുന്ന ഒരിടമാക്കി മാറ്റണം എന്ന മനോഭാവം ഉണ്ടാക്കിയെടുക്കുക.

## പ്രവർത്തനങ്ങൾ

| അക്കാദമികം | ഭൗതികം | സാമൂഹികം |
|---|---|---|
| എഴുത്തും വായനയും നൂറ് ശതമാനം | ICT സാധ്യതകൾ വർദ്ധിപ്പിക്കുക | അമ്മമാരുടെ വായനക്കൂട്ടം |
| പുസ്തക സമാഹരണം | ലൈബ്രറിയുടെ സൗകര്യം വർദ്ധിപ്പിക്കുക | മദ്യത്തിനും ലഹരിയ്ക്കുമെതിരെയുള്ള ബോധവല്ക്കരണം |
| ദിനാചരണങ്ങളോട് അനുബന്ധിച്ച് സാഹിത്യകാരന്മാരെ പരിചയപ്പെടൽ | | പകർച്ചവ്യാധികളെക്കുറിച്ച് പരിസരപ്രദേശങ്ങളിൽ അവബോധം സൃഷ്ടിയ്ക്കുക |
| കയ്യെഴുത്തുമാസിക പതിപ്പുകൾ<br>പ്രസംഗ മത്സരം | | മാതാപിതാക്കളെ ഉൾപ്പെടുത്തിയിട്ടുള്ള ജനജാഗ്രതാ ക്ലബ്ബുകൾ |
| പുസ്തകാസ്വാദനം ഇംഗ്ലീഷ് അസംബ്ലി, വിസ്മയച്ചുമരിൽ രചനകൾ English News Reading. വിശ്വസാഹിത്യ രചനകൾ പരിചയപ്പെടൽ ഹിന്ദി പുസ്തകങ്ങൾ സിനിമകൾ മുതലായവ വഴി ഭാഷ വശമാക്കുന്നു. | | |
| ഒറിഗാമി ഗണിതനാടകം ചതുഷ്ക്രിയകൾ ഉറപ്പിക്കൽ ഗണിതം നിത്യജീവിതത്തിൽ | | വയോജനങ്ങളോട് ആദരവും പരിഗണനയും വളർത്തുക. |

| അക്കാദമികം | ഭൗതികം | സാമൂഹികം |
|---|---|---|
| പ്രശ്നപരിഹാരഘട്ടങ്ങൾ<br>മാഗസിൻ<br>സുഡോക്കു<br>വേദഗണിതം<br>പുരാതന ഗണിതം<br>ദിനാചരണങ്ങൾ<br><br>ഗണിതവുമായി ബന്ധപ്പെട്ടവ<br>കൃഷിയുമായി ബന്ധപ്പെട്ട്<br>പ്രവർത്തനങ്ങൾ<br>പച്ചക്കറി കൃഷി<br>ജൈവകീടനിയന്ത്രണ മാർഗങ്ങൾ<br>പഴമക്കാരുടെ കൃഷിപാഠങ്ങൾ<br>നാട്ടറിവു ദിനം<br>കൃഷിയുമായി ബന്ധപ്പെട്ട<br>ദിനാചരണങ്ങൾ<br><br>കായികരംഗത്ത് കൂടുതൽ<br>പ്രോത്സാഹനം<br><br>ഔഷധസസ്യങ്ങളെ<br>തിരിച്ചറിയാനുള്ള പഠനയാത്രകൾ | | |
| ശുചിത്വവും ആരോഗ്യവും<br>നിലനിറുത്തുക<br>സ്കൂളും പരിസരവും<br>വൃത്തിയാക്കുക<br><br>സാമൂഹ്യശാസ്ത്രപഠനവുമായി<br>ബന്ധപ്പെട്ട മാപ്പുകൾ നിർമ്മാണം | Toilet<br>നവീകരിയ്ക്കുക<br>Adopted Toilet<br>ഉണ്ടാക്കുക | |

| അക്കാദമികം | ഭൗതികം | സാമൂഹികം |
|---|---|---|
| ജനാധിപത്യ ഭരണസംവിധാനങ്ങൾ പരിചയപ്പെടൽ Mock Parliment.<br>രാജ്യത്തിന്റെ ചരിത്രം മനസ്സിലാക്കൽ<br>ദിനാചരണങ്ങളുമായി ബന്ധപ്പെട്ട് ജനനായകന്മാരുടെ ചരിത്രം മനസ്സിലാക്കുന്നു.<br>സാംസ്കാരിക പൈതൃകവുമായി ബന്ധപ്പെട്ട സ്ഥലങ്ങൾ സന്ദർശിക്കുന്നു.<br><br>പൗരബോധം സഹജീവി സ്നേഹം ഇവയുടെ അവബോധം നല്കുന്നതിന് ക്ലാസ്സുകൾ വാർത്തകൾ എന്നിവ ചർച്ച ചെയ്ത് മനസ്സിലാക്കുന്നു.<br><br>പ്രതിഭകളെ കണ്ടെത്തുക പരിപോഷിപ്പിക്കുന്നതിന് പ്രഗത്ഭരായ ആളുകളുടെ സഹായം തേടുക. | | |
| പരിസ്ഥിതിയുമായി ബന്ധപ്പെട്ട പ്രോജക്ടുകൾ | ജൈവവൈവിധ്യ പാർക്കിൽ ബഞ്ച് ഇരിപ്പിടങ്ങൾ | |
| സ്കൂൾതല ശാസ്ത്രമേള വളരുന്ന ശാസ്ത്രം- പുസ്തകങ്ങൾ<br><br>പത്രവാർത്ത അവലോകനം കൗൺസിലിംഗ് ക്ലാസ്സുകൾ ധാർമ്മിക ബോധന ക്ലാസ്സ് | | |

| അക്കാദമികം | ഭൗതികം | സാമൂഹികം |
|---|---|---|
| പ്രവർത്തിപരിചയ ശില്പശാല<br>നാടകപഠനകളരി കുട്ടികളുടെ<br>ഉല്പന്നങ്ങളുടെ പ്രദർശനം<br><br>പ്രകൃതിദത്ത വസ്തുക്കളിൽ നിന്ന്<br>ഭക്ഷണ സാധനങ്ങൾ പോഷക<br>പ്രദമായ ഭക്ഷണം<br><br>ഔഷധസസ്യത്തോട്ടം<br>ഔഷധസസ്യങ്ങളെയും അവയുടെ<br>മൂല്യങ്ങളെയും കുറിച്ച് കുറിപ്പ്<br>തയ്യാറാക്കി മത്സരം | അടുക്കള<br>നവീകരിക്കൽ | |

# അദ്ധ്യായം III

## പ്രവർത്തനകലണ്ടർ

**മേഖല : അക്കാദമികം** **ഉപമേഖല : ഭാഷാപഠനം**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| എഴുത്തും വായനയും നൂറ് ശതമാനം | മലയാളത്തിളക്കം പരിപാടിയുടെ പ്രവർത്തനങ്ങൾ ഊർജിതമാക്കുന്നു<br>അഞ്ചിലേക്ക് വരുന്ന കുട്ടികളിൽ എഴുത്തും വായനയും കുറവുള്ള കുട്ടികളെ കണ്ടെത്തുന്നു. | ആദ്യം ടേം | എല്ലാ അദ്ധ്യാപകരും | |
| പുസ്തക സമാഹരണം | വീടുകളിലും മറ്റും ഉപയോഗം കഴിഞ്ഞ പുസ്തകങ്ങൾ സംഭരിയ്ക്കുന്നു | ജൂൺ 19-25 | PTA SSG പൂർവ്വ വിദ്യാർത്ഥികൾ | Rs.200/- പി.ടി.എ |
| കയ്യെഴുത്തു മാസിക | പത്രം, മാസിക വരിസംഖ്യ അടച്ച് വാങ്ങുന്നു | വർഷത്തിൽ ഒന്ന് | വിദ്യാരംഗം | Rs.1000/- |
| പതിപ്പുകൾ | ദിനാചരണങ്ങളോട് അനുബന്ധിച്ച് | മാസത്തിൽ ഒന്ന് | ക്ലബ്ബുകൾ | Rs.500/- |
| പ്രസംഗ മത്സരം | പതിപ്പുകളും പ്രസംഗമത്സരവും | | | ടീച്ചർ ഗ്രാന്റ് |
| അക്ഷരശ്ലോക ക്ലബ്ബ് | സാഹിത്യവാസനയുള്ള പൂർവ്വ വിദ്യാർത്ഥികൾ വൃദ്ധ ജനങ്ങൾ മുൻ അദ്ധ്യാപകർ മുതലായവരെ ഉൾപ്പെടുത്തി അഭിരുചി ഉള്ള കുട്ടികളെ കണ്ടെത്തി ക്ലബ്ബ് രൂപീകരിയ്ക്കുന്നു | ദീർഘകാല പ്രവർത്തനം | മുൻ അദ്ധ്യാപകർ | |

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| പുസ്തകാ- സ്വാദനം | ഇംഗ്ലീഷ് മലയാളം ഹിന്ദി എന്നീ പുസ്തകങ്ങൾ വായിച്ച് ആസ്വാദനം അസംബ്ലിയിൽ വായിക്കുന്നു.<br>കുറിപ്പുകൾ സൂക്ഷിക്കുന്നു | ആഴ്ച്ചയിൽ ഒന്ന് | | |
| വിസ്മയച്ചുമരിൽ രചനകൾ | ദിനാചരണങ്ങളോട് അനുബന്ധിച്ച് രചനകൾ പ്രദർശിപ്പിക്കുക പത്രകട്ടിംഗുകൾ പ്രദർശിപ്പിക്കുക | ദീർഘകാലം | ക്ലബ്ബുകൾ | |
| English News Reading | എല്ലാ ക്ലാസ്സുകളിലും English period-ൽ 10 മിനിട്ട് ചെയ്യുക. English പത്രം വരുത്തണം. | ദീർഘകാലം | English അദ്ധ്യാപകർ | Rs.300 per month (Sponsorship) |
| ഹിന്ദിപുസ്തകങ്ങൾ സിനിമകൾ, ഗാനങ്ങൾ ഇവയിലൂടെ ഭാഷ ആസ്വാദ്യകര- മാക്കുന്നു | പുസ്തകങ്ങൾ സി.ഡി. കൾ എന്നിവ കണ്ടെത്തണം | ദീർഘകാലം | Staff | Sponsorship |

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| കമ്പ്യൂട്ടറിൽ മാതൃഭാഷാ ഉപയോഗം മെച്ചപ്പെടുത്തുക | മലയാളം ടൈപ്പിംഗ് പരിശീലനം | ആഴ്ചയിൽ ഒന്ന് | UPST Teacher Smt. Neethu Ashokan | |
| വേദഗണിതവും പുരാതന ഗണിതവും | ഗണിതത്തിലെ കേരളത്തിന്റെ സമ്പന്നമായ പൈതൃകം കണ്ടെത്തുന്നു. പുസ്തകങ്ങളിലൂടെ മരപ്പണിക്കാർ വീട്ടുപണിക്കാർ എന്നിവരുമായി സംവാദം. | ടേമിൽ ഒന്ന് | Maths Club | Rs.100/- School Grant |
| ഗണിതവുമായി ബന്ധപ്പെട്ട് ദിനാചരണങ്ങൾ | രാമാനുജൻ ജന്മദിനം | ദീർഘകാലം | | |

**മേഖല : അക്കാദമികം** **ഉപമേഖല : ഗണിതം**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ഒറിഗാമി ശില്പശാല | ജാപ്പനീസ് കലയായ ഒറിഗാമി ഉപയോഗിച്ച് ഗണിതരൂപങ്ങൾ ഉണ്ടാക്കി ഗണിത പഠനം ആസ്വാദ്യ-കരമാക്കുക | വർക്ക് എക്സ്പീരിയൻസ് | ഗണിത അദ്ധ്യാപകർ | Rs.200/- School Grant |
| ഗണിതത്തിനോടുള്ള താല്പര്യം വർദ്ധിപ്പിക്കുന്നതിനൊപ്പം കുട്ടികളുടെ ഏകാഗ്രതയും ഓർമ്മശക്തിയും മെച്ചപ്പെടുത്തുക | അബാക്കസ് പരിശീലനം | ദിവസത്തിൽ അര മണിക്കൂർ | Maths Teacher Smt. Rakendhu K. Raj | |
| ചതുഷ്ക്രിയകൾ ഉറപ്പിക്കൽ | ക്രിയകൾ ഉറപ്പിക്കുക | ദിവസത്തിൽ ഒരു മണിക്കൂർ | ഗണിത അദ്ധ്യാപകർ Maths ക്ലബ് അംഗങ്ങൾ | |
| ഗണിത നാടകം | ഗണിതശാസ്ത്ര-ജ്ഞന്മാരുടെ ജീവിതസന്ദർഭങ്ങൾ നാടകമായി അവതരിപ്പിക്കുന്നു | ടേമിൽ ഒന്ന് | Maths അദ്ധ്യാപകർ | |
| സുഡോക്കു | പ്രശ്നങ്ങൾ വിസ്മയച്ചുമരിൽ പ്രദർശിപ്പിക്കുന്നു. വൈകുന്നേരത്തി - നകം ഉത്തരം കണ്ടെത്തുന്നു | ആഴ്ചയിൽ ഒന്ന് | Maths Club Members | |
| പ്രശ്നപരിഹാര-ഘട്ടങ്ങൾ പരിചയപ്പെടുന്നതിന് ഓരോ ദിവസവും ഓരോ Puzzle | ഒരു പെട്ടി സൂക്ഷിയ്ക്കുന്നു. ഉത്തരങ്ങൾഎഴുതി ഇടുന്നു നല്ല ഉത്തരത്തിന് സമ്മാനം | ആഴ്ചയിൽ ഒന്ന് | Maths Club Members | |

മേഖല : അക്കാദമികം ഉപമേഖല : പരിസ്ഥിതി

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| കൃഷിയുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങളുടെ ഭാഗമായി പച്ചക്കറി കൃഷി ജൈവകീട നിയന്ത്രണ മാർഗങ്ങൾ | കൃഷി ഓഫീസുമായും | ദീർഘകാലം | Farmers Club | |
| പഴമക്കാരുടെ കൃഷി പാഠങ്ങൾ ഞാറ്റുവേല | പഴയ കൃഷിക്കാരുമായും ചർച്ച ചെയ്ത് കണ്ടെത്തുന്നു | ദീർഘകാലം | Farmers Club | |
| കലണ്ടർ കൃഷിപ്പതിപ്പ് | പഞ്ചാംഗം നോക്കുന്നു | വർഷത്തിൽ ഒന്ന് | Farmers Club | |
| കർഷകദിനം | | ചിങ്ങം 1 | Farmers Club | |
| നാട്ടറിവ് ദിനം | | ഓഗസ്റ്റ് 22 | All Classes | |
| ഔഷധ സസ്യത്തോട്ടം | മൺമറഞ്ഞു പോകുന്ന ഔഷധ സസ്യങ്ങളെ നട്ടു വളർത്തുക. | ദീർഘകാലം | All Classes | |

മേഖല : അക്കാദമികം സാമൂഹികം

ഉപമേഖല : ശുചിത്വവും ആരോഗ്യവും

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| സ്കൂളും പരിസരവും വൃത്തിയാക്കുക | അദ്ധ്യാപകരും കുട്ടികളും ചേർന്ന് സ്കൂളും പരിസരവും വൃത്തിയാക്കുന്നു. | ആഴ്ചയിൽ ഒരു ദിവസം | All Teachers and Students | Rs.1500/- School Grant |
| പകർച്ചവ്യാധികളെ കുറിച്ച് ബോധവൽക്കരണം | സ്കൂൾതലത്തിൽ ആരോഗ്യ പ്രവർത്തകരും അദ്ധ്യാപകരും ബോധവൽക്കരണം നടത്തുന്നു. കുട്ടികൾ സ്കൂളിനു സമീപവും ബോധവൽക്കരണം നടത്തുന്നു. | Term-ൽ 1 | Health Club Members | Rs.500/- Sponsorship |
| ലഹരിയ്ക്കെതിരെ ജാഗ്രത | രക്ഷിതാക്കളെ ഉൾപ്പെടുത്തി ബോധവൽക്കരണം നടത്തുന്നു. | ദീർഘകാലം | PTA Teachers പൂർവ്വ വിദ്യാർത്ഥി കൾ | |
| മാതാപിതാക്കളെ ഉൾപ്പെടുത്തി ജനജാഗ്രത ക്ലബ്ബുകൾ | Area തിരിച്ച് ലഹരി മരുന്നുകളുടെ വിൽപന കണ്ടെത്തി തടയുന്നു. | ദീർഘകാലം | PTA Teachers പൂർവ്വ വിദ്യാർത്ഥി കൾ | |

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ഔഷധ സസ്യങ്ങളെയും അവയുടെ പ്രത്യേകത- കളെയും കുറിച്ച് തയ്യാറാക്കുക. (മത്സരം) പ്രദർശനം | പഴമക്കാരോടും ആയുർവേദ വൈദ്യന്മാരോടും പുസ്തകങ്ങളിൽ നിന്നും മനസ്സിലാക്കുക. | June<br>July<br>കർക്കിടക ഫെസ്റ്റ് | All Classes Teachers<br>PTA | Rs.500/- Sponsorship |
| മൺമറഞ്ഞു പോയ പോഷക പ്രദമായ വിഭവങ്ങൾ പ്രദർശനം | പത്തിലക്കറി മുളയരി | July | PTA Teachers | |
| പഠനയാത്ര ഔഷധ സസ്യങ്ങൾ കണ്ടെത്തുന്നതിന് | സ്കൂളിലും പരിസര പ്രദേശങ്ങളിലും യാത്രകൾ നടത്തി പ്രായമായവരോട് ചോദിച്ച് കണ്ടെത്തുന്നു. | June<br>July | Farmers Club Members | |

**മേഖല : അക്കാദമികം** **ഉപമേഖല : പ്രവൃത്തിപരിചയം**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| പ്രവൃത്തി പരിചയ ശില്പശാല ഓരോ കാലത്തും ലഭ്യമായ പച്ചക്കറികൾ പഴവർഗ്ഗങ്ങൾ ഇവ ഉപയോഗിച്ച് അച്ചാർ, ജാം, സ്ക്വാഷ് എന്നിവ ഉണ്ടാക്കുക. കൗതുക വസ്തു നിർമ്മാണം പ്രദർശനം | പൈനാപ്പിൾ ജാം<br>തക്കാളി ജാം<br>ചെമ്പരത്തി സ്ക്വാഷ് അച്ചാറുകൾ മുതലായവ ഉണ്ടാക്കുക മുത്തുകൾ Colour paper പാഴ്‌വസ്തുക്കൾ ഉപയോഗിച്ച് നിർമ്മാണം | Term-ൽ 1 | MPTA<br>Teachers<br>Talented Children | Rs.500/-<br>(Sponsorship) |

**മേഖല : അക്കാദമികം** **ഉപമേഖല : കായികം**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| കായികരംഗത്ത് കൂടുതൽ പ്രോത്സാഹനം | കഴിവുള്ള കുട്ടികളെ കണ്ടെത്തി മികച്ച പരിശീലനം നൽകുക. | വർഷം മുഴുവൻ | Teachers<br>പൂർവ്വ വിദ്യാർത്ഥി കൾ | Rs.1000/-<br>Sponsorship |

**മേഖല : അക്കാദമികം** **ഉപമേഖല : വ്യക്തിത്വ വികസനം**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| കൗൺസലിംഗ് ക്ലാസ്സുകൾ | കുട്ടികളുടെ പ്രശ്നങ്ങൾ മനസ്സിലാക്കി കൈത്താങ്ങ് നൽകുന്നു. | ദീർഘകാലം | All Teachers<br>Councellor | A, DA |
| ധാർമ്മിക ബോധന ക്ലാസ്സ് | ജീവിതത്തിലെ മൂല്യങ്ങളെ കുറിച്ച് ക്ലാസ്സ് എടുക്കുന്നു. | ആഴ്ചയിൽ ഒരു പീരിയഡ് | All Teachers | |
| പൗരബോധം സഹജീവി സ്നേഹം ഇവ വളർത്തുക. | പത്രവാർത്തകൾ അവലോകനം ചെയ്യുക<br>Debate<br>സെമിനാർ | | | |

**മേഖല : അക്കാദമികം** **ഉപമേഖല : ശാസ്ത്രം**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| പരിസ്ഥിതിയുമായി ബന്ധപ്പെട്ട പ്രോജക്ടുകൾ<br>സ്കൂൾതല ശാസ്ത്രമേള<br>വളരുന്ന ശാസ്ത്രം പുസ്തകങ്ങൾ<br>News Cuttings Collection അവലോകനം<br>വിജ്ഞാനോത്സവ ങ്ങളിലെ പങ്കാളിത്തം | പരിസ്ഥിതിയുമായി ബന്ധപ്പെട്ട പ്രോജക്ടുകൾ സമയബന്ധിതമായി തീർക്കുന്നു.<br>ശാസ്ത്രമേളകളിൽ കുട്ടികളുടെ സജീവ പങ്കാളിത്തം. | Term-ൽ 1 | Science Club | Rs.500/-<br>Teacher grant |

**മേഖല : അക്കാദമികം** **ഉപമേഖല : സർഗ്ഗാത്മകം**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| പ്രതിഭകളെ കണ്ടെത്തുക<br><br>കവിതാ ശില്പശാല | പ്രഗത്ഭരായ ആളുകളെ കണ്ടെത്തി പരിശീലനം നൽകുക. | വർഷം മുഴുവൻ വർഷത്തിൽ | All Teachers | Rs.500/-<br>Sponsorship |
| കഥാശില്പശാല<br>നാടകപഠനക്കളരി<br>കലോത്സവങ്ങളിൽ മികച്ച വിജയം | വർഷം മുഴുവൻ പരിശീലനം നൽകുക. | വർഷം മുഴുവൻ വർഷത്തിൽ | | |
| മികവുകൾ പ്രദർശിപ്പിക്കൽ | കുട്ടികളുടെ കഴിവുകൾ രക്ഷിതാക്കൾക്ക് മുന്നിൽ | സർഗവേള<br><br>Class PTA | All Students & Teachers | |

**മേഖല : അക്കാദമികം** **ഉപമേഖല : സാമൂഹ്യശാസ്ത്രം**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| മാപ്പ് നിർമ്മാണം | സാമൂഹ്യശാസ്ത്ര വുമായി ബന്ധപ്പെട്ട് മാപ്പുകൾ നിർമ്മിയ്ക്കുന്നു. | ദീർഘകാലം | All Teachers | |
| ജനാധിപത്യ സംവിധാനങ്ങൾ മനസ്സിലാക്കൽ Mockparliament | ഗ്രാമസഭ നിരീക്ഷിയ്ക്കുന്നു.<br>പാർലിമെന്റ് നടപടികൾ അവതരിപ്പിക്കുന്നു. | Term-ൽ 1<br>വർഷത്തിൽ 1 | Social Science Club<br>Social Science Club | |
| ദിനാചരണങ്ങൾ പഠനയാത്ര | ദിനാചരണങ്ങളുമായി ബന്ധപ്പെട്ട് ജനനായകന്മാരുടെ ചരിത്രം മനസ്സിലാക്കുന്നു.<br>സാസ്കാരിക പൈതൃകവുമായി ബന്ധപ്പെട്ട സ്ഥലങ്ങൾ സന്ദർശിക്കുന്നു. | ദീർഘകാലം<br>വർഷത്തിൽ 2 | Social Science Club<br>All Teachers | Rs.500/- Sponsorship |

**മേഖല : ഭൗതികം**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ICT സാധ്യതകൾ വർദ്ധിപ്പിക്കുക | കൂടുതൽ സൗകര്യങ്ങളുള്ള Smart room-കൾ Computers | 1 വർഷം | PTA | Rs.10,000/- Management |
| ലൈബ്രറി സൗകര്യങ്ങൾ വർദ്ധിപ്പിക്കുക | ലൈബ്രറിയിൽ അലമാരകൾ Rack-കൾ | ദീർഘകാലം | PTA<br>Teachers | Rs.5000/- (Sponsorship) |

**മേഖല : ഭൗതികം**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| Toilet നവീകരിയ്ക്കൽ | പെൺകുട്ടികളുടെ Toilet നവീകരിയ്ക്കുക. ഭിന്നശേഷിക്കാർക്കായി adapted toilet ഉണ്ടാക്കുക | 1 വർഷം | Management | Rs.20,00,000/- |
| അടുക്കള നവീകരണം | അടുക്കള ടൈൽ ഇട്ട് വൃത്തിയാക്കുക | 1 വർഷം | Management | Rs.5,00,000/- |
| ജൈവവൈവിധ്യ പാർക്ക് വിപുലീകരണം | ബഞ്ച് ഇരിപ്പിടങ്ങൾ ശലഭോദ്യാനം | 3 വർഷം | PTA | MLA ഫണ്ട് കിട്ടുന്ന മുറയ്ക്ക് |

**മേഖല : സാമൂഹികം** **ഉപമേഖല : അമ്മവായന**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| അമ്മമാരുടെ വായനക്കൂട്ടം | വായനയിൽ താത്പര്യമുള്ള അമ്മമാർക്ക് പുസ്തകങ്ങൾ വായിക്കാൻ നൽകുക | ദീർഘകാലം | Librarian | |

**മേഖല : ഭൗതികം**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| വയോജനങ്ങളോടുള്ള ആദരവും പരിഗണനയും വർദ്ധിപ്പിക്കുക | വയോജനദിനം പകൽവീടുകളും വൃദ്ധസദനങ്ങളും സന്ദർശിക്കുക<br><br>നിരാശ്രയരായ വൃദ്ധജനങ്ങൾക്ക് സഹായം എത്തിക്കുക | October 1<br><br>Term-ൽ 1<br><br>Term-ൽ 1 | All Staff<br><br>JRC Member | Rs.300/-<br>Staff Fund<br><br>Rs.500/-<br>(Sponsorship) |